**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1005** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജനവാസ മേഖല നിർണ്ണയിക്കുന്നതിനുള്ള വിദഗ്ധ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഇരുപത്തിമൂന്ന് സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ ബഫർ സോണിലെ ജനവാസ മേഖല കൃത്യമായി നിർണ്ണയിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം, പരിസ്ഥിതി സംവേദക മേഖലയിൽ (ഇക്കോ സെൻസിറ്റീവ് സോൺ) ഉൾപ്പെടുന്ന ഒരു കിലോമീറ്റർ പരിധിയിൽ നിലനിൽക്കുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ഭൗതിക സ്ഥല പരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചുകൊണ്ട് ഒരു വിദഗ്ധ പരിശോധനാ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്ന് അറിയിക്കുമോ; | (ബി) | വിദഗ്ധ പരിശോധനാ സമിതി ഒരു മാസത്തിനുള്ളിൽ ഒരു ഇടക്കാല റിപ്പോർട്ടും മൂന്ന് മാസത്തിനകം അന്തിമ റിപ്പോർട്ടും സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. നിലവിൽ വിദഗ്ധ പരിശോധനാ സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) | ജനവാസ മേഖലയെ ബഫർ സോണിൽ നിന്നും ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു. വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാന പ്രകാരം, സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെയും കൃഷിസ്ഥലങ്ങളെയും ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു.സുപ്രീം കോടതിയെയും കേന്ദ്ര സർക്കാരിനെയും സമീപിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വിവരങ്ങൾ സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം |

നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. സുപ്രീം കോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിരുന്നു. ബഹു. സുപ്രീം കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും, 05-07-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) മുഖേന സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ 29-08-2022-ൽ ചേർന്ന യോഗത്തിൽ ടി വിവരങ്ങൾ വിശദമായി പരിശോധിക്കുകയും ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിച്ചു. അതിനായി 30-09-2022-ലെ സ.ഉ (സാധാ)നം.424/22/വനം പ്രകാരം ഒരു വിദഗ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ പരിശോധനാ സമിതി 30-10-2022-ലും 24-11-2022-ലും 04-12-2022-ലും യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്.

വിദഗ്ധ പരിശോധനാ സമിതി ടി വിഷയത്തിൽ പൊതുജനങ്ങളുടെ പരാതികളും അഭിപ്രായങ്ങളും രേഖപ്പെടുത്തുവാനായി eszexpertcommittee@gmail.com എന്ന ഇ-മെയിൽ ആരംഭിച്ചിട്ടുണ്ട്. ഭൗതിക സ്ഥലപരിശോധന പൈലറ്റ് അടിസ്ഥാനത്തിൽ, നെയ്യാർ-പേപ്പാറ

| | | | |
|---|---|---|---|
| | | | വന്യജീവി സങ്കേതത്തിനു ചുറ്റുമായി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിക്കൊണ്ട് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ